(ബി) മൈത്രി ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിയതുമൂലമുള്ള സാമ്പത്തിക ബാദ്ധ്യതയാലും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 492 കോടിയോളം രൂപ വക മാറ്റി ചെലവഴിച്ചതിന്റെ ഫലമായും ഭവനനിർമ്മാണ ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായി. ഇതുമൂലം വാണിജ്യാടിസ്ഥാനത്തിൽ സ്വകാര്യ കെട്ടിടനിർമ്മാതാക്കളുമായി മൽസരിക്കുവാൻ ബോർഡിന് ഇപ്പോൾ കഴിയുന്നില്ല. എന്നാൽ ബോർഡിന്റെ പ്രവർത്തനം ലാഭകരമാക്കുന്നതിനും ഭവനനിർമ്മാണ രംഗത്ത് ജനങ്ങൾക്ക് പ്രയോജനകരമായി പ്രവർത്തിക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

(സി) ഉണ്ട്.

(ഡി) വിവിധ പദ്ധതികളിലായി 35 പ്ലോട്ടുകളും 800 വീടുകളും 424 ഫ്ലാറ്റുകളും വിറ്റഴിക്കാനുണ്ട്. ഇവ വിലകുറച്ച് വിൽക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) മുൻ സർക്കാരിന്റെ കാലത്ത് മൈത്രി ഭവന പദ്ധതിക്കു വേണ്ടി ലഭിച്ച ഫണ്ട് വക മാറ്റി ചെലവഴിച്ചതുമൂലവും ഹഡ്കോയ്ക്കുള്ള തിരിച്ചടവ് മുടക്കിയതുകൊണ്ടും ബോർഡ് സാമ്പത്തിക പ്രതിസന്ധിയിലായി. ഹഡ്കോ വായ്പാ സഹായം നിർത്തിവച്ചത് ബോർഡിന്റെ പദ്ധതികളെ ആകെ പ്രതികൂലമായി ബാധിച്ചു. ഹഡ്കോയുമായി നിരന്തരം ഉന്നതതല ചർച്ചകൾ നടത്തിയതിന്റെ ഫലമായി വായ്പാ സഹായം പുനരാരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതുമൂലം നബാർഡിന്റെ പ്രവർത്തനം മെച്ചപ്പെടുമെന്നു പ്രതീക്ഷിക്കുന്നു. കൂടാതെ ബോർഡ് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വിശദമായി പഠിക്കുന്നതിനും പോംവഴികൾ നിർദ്ദേശിക്കുന്നതിനും എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഭവനനിർമ്മാണ വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി

31 (628) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത്, ഭവന നിർമ്മാണ ബോർഡിനു കീഴിൽ നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ വിവിധ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതികൾക്ക് ആകെ എന്തു ചെലവു വരും ;

(സി) ഭവനനിർമ്മാണ ബോർഡ് ഏതെല്ലാം ഏജൻസികളിൽ നിന്നും വായ്പയെടുത്തിട്ടുണ്ട് ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരിച്ചടച്ച വായ്പയെ സംബന്ധിച്ച് വിശദ വിവരങ്ങൾ ലഭ്യമാക്കാമോ ;

(ഇ) താഴ്ന്ന വരുമാനക്കാരും ദുർബല വിഭാഗക്കാരുമായവർക്കുവേണ്ടി നിലവിലുള്ളതും പുതിയതായി നടപ്പാക്കാനുദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഭവനനിർമ്മാണ ബോർഡിന് ഏതൊക്കെ ഏജൻസികളിൽ നിന്നാണ് ധനസഹായം ലഭിക്കുന്നത് ;

(ജി) ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമാക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭവന നിർമ്മാണ ബോർഡ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ മൈത്രി ഭവന നിർമ്മാണ പദ്ധതി, പൊതു ഭവന നിർമ്മാണ പദ്ധതികൾ/ വാണിജ്യ പദ്ധതികൾ, വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ പദ്ധതി, റവന്യൂ ടവർ പദ്ധതികൾ, വാടക വീടു പദ്ധതികൾ എന്നിവയാണ് ബോർഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഭൂമൈത്രി ഹൗസിംഗ് സ്കീം, വായ്പാ പദ്ധതി (എൽ. ഐ. ജി/എം. ഐ. ജി/ എച്ച്. ഐ. ജി വിഭാഗത്തിൽപ്പെട്ടവർക്ക്), വീടു വയ്ക്കുന്നതിന് വികസിത പ്ലോട്ടുകൾ നൽകുന്ന പദ്ധതി, ആക്കുളം ടൗൺഷിപ്പ്, പദ്ധതി, ഇക്കോ ടൗൺഷിപ്പ് പദ്ധതി, ഹാബിറ്റാറ്റ് പ്ലാസാ, സാങ്കേതിക വിദഗ്ദ്ധോപദേശ സേവനം, അട്ടപ്പാടി ഹിൽ ഏരിയ ഡെവലപ്മെന്റ് സൊസൈറ്റിയുമായി ചേർന്ന് ആദിവാസി ഊരുകളുടെ വികസന പ്രവർത്തനം എന്നിവയാണ്.

(ബി) ഈ പദ്ധതികൾ (നടപ്പിലാക്കികൊണ്ടിരിക്കുന്നവ) നടപ്പാക്കുന്നതിന് ആകെ 427.36 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു.

(സി) ഹഡ്കോ, ഹഡ്കോ നിവാസ്, എച്ച്. ഡി. എഫ്. സി. വാണിജ്യ ബാങ്കുകൾ തുടങ്ങിയ ഏജൻസികളിൽ നിന്നും വായ്പ എടുത്തിട്ടുണ്ട്.

(ഡി) തിരിച്ചടച്ച വായ്പയുടെ വിശദ വിവരങ്ങൾ താഴെപറയും പ്രകാരമാണ്.

	വായ്പ (രൂപ ലക്ഷത്തിൽ)	പലിശ (രൂപ ലക്ഷത്തിൽ)
1. ഹഡ്കോ	3,964.00	16387.97
2. ഹഡ്കോ നിവാസ്	402.63	682.79
3. എച്ച്.ഡി.എഫ്.സി.	113.86	157.85
4. ബാങ്കുകൾ	276.07	413.79
	4,756.56	17,642.40
5. ഡിബഞ്ചർ	358.00	373.82
ആകെ	5,114.56	18,016.22

(ഇ) ദുർബല വിഭാഗക്കാർക്കുവേണ്ടി :

1. മൈത്രി ഭവന നിർമ്മാണ പദ്ധതി പ്രകാരം ബോണ്ടു വച്ചവർക്ക് വായ്പാ ഗഡുക്കൾ നൽകി വരുന്നു.

2. സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് ഭൂമി വാങ്ങി വീടു വയ്ക്കുന്നതിന് വായ്പയും ധനസഹായവും നൽകുന്ന ഭൂമൈത്രി പദ്ധതി ഉടൻ ആരംഭിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

3. താഴ്ന്ന വരുമാനക്കാർക്കുവേണ്ടി പരമാവധി 1.25 ലക്ഷം രൂപ വീതം നൽകുന്ന ഭവന നിർമ്മാണ വായ്പാ പദ്ധതി ഉടൻ നടപ്പിലാക്കുന്നു.

4. എല്ലാ ജില്ലകളിലും വീടു വയ്ക്കുന്നതിന് വികസിത പ്ലോട്ടുകൾ നൽകുന്ന പദ്ധതി താഴ്ന്ന വരുമാനക്കാർക്കും പ്രയോജനപ്പെടുത്താവുന്നതാണ്.

(എഫ്) സംസ്ഥാന സർക്കാരിന് പുറമേ ഹഡ്കോ, ഹഡ്കോ നിവാസ്, എച്ച്. ഡി. എഫ്. സി., വാണിജ്യ ബാങ്കുകൾ എന്നീ ഏജൻസികളിൽ നിന്നും ധനസഹായം ലഭിക്കുന്നു.

(ജി) ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനു വേണ്ടി സ്വീകരിച്ച നടപടികളിൽ സുപ്രധാനമായവ താഴെപ്പറയും പ്രകാരമാണ്.

മൈത്രി ഭവന പദ്ധതി നടപ്പാക്കിയതിലുള്ള അപാകതകൾ പഠിക്കുന്നതിന് 30-11-2001-ലെ സർക്കാർ ഉത്തരവ് (സാധാ) 77/2001/ഭവനം പ്രകാരം ഒരു വർക്കിംഗ് ഗ്രൂപ്പിനെ നിയോഗിക്കുകയും പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശകൾ നടപ്പിലാക്കി വരികയുമാണ്. മൈത്രി ഭവന പദ്ധതിയിൽ വകമാറ്റി ചെലവാക്കിയ ഫണ്ടിന്റെ വിശദാംശങ്ങൾ കണ്ടെത്തുന്നതിന് ആറു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന നിർദ്ദേശത്തോടെ മെസ്സേഴ്സ് ധൻ ആന്റ് കമ്പനിയെ നിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ സർക്കാരിന്റെ നിരന്തരമായ പരിശ്രമഫലമായി ഹഡ്കോയിൽ നിന്നുള്ള വായ്പ, സഹായം പുനരാരംഭിക്കുന്നതിനു കഴിഞ്ഞു. ഇതുമൂലം ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ബോർഡ് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വിശദമായി പഠിക്കുന്നതിനും പോംവഴികൾ നിർദ്ദേശിക്കുന്നതിനും എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

എക്സ്പ്രസ് ഹൈവേയുടെ നിർമ്മാണം

32 (629) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എക്സ്പ്രസ് ഹൈവേ നിർമ്മിക്കുന്നതിനുള്ള റൂട്ടിന്റെ അന്തിമരൂപം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ബി) എത്ര മീറ്റർ വീതിയിലാണ് റോഡ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നും എത്ര മീറ്റർ വീതിയിലാണ് ഭൂമി അക്വയർ ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) റോഡ് നിർമ്മാണത്തിനുശേഷം ഇരുവശത്തും മിച്ചം വരുന്ന ഭൂമി എന്ത് ആവശ്യത്തിലേക്കാണ് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) എക്സ്പ്രസ് ഹൈവേ നിർമ്മാണത്തിനുശേഷം ടോൾ പിരിക്കുന്നതിനുള്ള അവകാശവും നിർമ്മാണ കമ്പനിക്ക് നൽകുവാനുള്ള വ്യവസ്ഥയനുസരിച്ച് (ബി. ഒ. ടി.) ആണോ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly